# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3403** **23/06/2014-ൽ മറുപടിയ്ക്ക്**

### മാതൃകാ മത്സ്യഗ്രാമ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ലൂഡി ലൂയിസ്:<br>ശ്രീ. വി. റ്റി. ബൽറാം:<br>ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ. ആർ. സെൽവരാജ്: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) മാതൃകാ മത്സ്യഗ്രാമപദ്ധതിയുടെ രണ്ടാംഘട്ടം ആരംഭിച്ചിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ; | (എ) മാതൃകാ മത്സ്യഗ്രാമം പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരമാണ് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട മത്സ്യഗ്രാമങ്ങളെ സമഗ്ര വികസനത്തിലൂടെ മാതൃകാ മത്സ്യഗ്രാമങ്ങളായി വികസിപ്പിക്കുന്നത്. ഇതിനായി 147.35 കോടി രൂപയുടെ ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി നൽകാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) മത്സ്യഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളിൽ ഭവന നിർമ്മാണം, കുടിവെള്ളം, സാനിട്ടേഷൻ, വൈദ്യുതീകരണം, മത്സ്യഗ്രാമമേഖല അടിസ്ഥാന സൗകര്യ വികസനം, സാമൂഹ്യ അടിസ്ഥാന സൗകര്യ വികസനം, എന്നീ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്. |
| (സി) എത്ര കോടി രൂപയാണ് ഇതുവഴി നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (സി) മാതൃകാ മത്സ്യഗ്രാമം രണ്ടാം ഘട്ടത്തിൽ 147.35 കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കുന്നത്. വിശദാംശങ്ങൾ ചുവടെ സമർപ്പിക്കുന്നു. |

| ഘടകം | 2012-13 | 2013-14 | 2014-15 | ആകെ (രൂപ ലക്ഷത്തിൽ) |
|---|---|---|---|---|
| മാതൃകാ മത്സ്യഗ്രാമം | 5383.00 | 1762.00 | 3590.00 | 10735.00 |
| ഫിഷറീസ് സ്കൂൾ | | 2516.50 | | 2516.50 |
| മത്സ്യത്തൊഴിലാളി വ്യക്തിഗത ശൗചാലയ നിർമ്മാണം | | 483.35 | | 483.35 |
| മത്സ്യത്തൊഴിലാളി ഭവന പുനരുദ്ധാരണം | | 500.00 | | 500.00 |
| ഫിഷർമെൻ കോളനി പുനരുദ്ധാരണം | | 500.00 | | 500.00 |
| ആകസ്മിക ചിലവ് | | 0.15 | | 0.15 |
| ആകെ | 5383.00 | 5762.00 | 3590.00 | 14735.00 |

| | | |
|---|---|---|
| (ഡി) | പ്രസ്തുത പദ്ധതിയ്ക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | ഡി) 2011-12, 2012-13, 2013-14 വർഷങ്ങളിലായി മാതൃകാ മത്സ്യഗ്രാമം പദ്ധതിയിൽ 116.01 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ജില്ലാ ഓഫീസുകൾക്കും 2013-14 വർഷത്തിൽ കോളനി പുനരുദ്ധാരണത്തിനായി 3 കോടി രൂപയും ചെറിയതുറ, വലിയതുറ മത്സ്യഗ്രാമങ്ങളിലെ വൈദ്യുതീകരണം, ശുദ്ധജല വിതരണത്തിനുമായി 5.58 കോടി രൂപയും കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു. 2013-14 വർഷത്തിൽ മാതൃകാ മത്സ്യഗ്രാമം സാനിട്ടേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2762 ടോയ്‌ലെറ്റുകൾക്ക്, 483.35 ലക്ഷം രൂപ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. മത്സ്യത്തൊഴിലാളി ഭവന പുനരുദ്ധാരണത്തിന് 5 കോടി രൂപയും ജില്ലകൾക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ